(എ) സംസ്ഥാനത്തെ പ്രൈവറ്റ് ബസ്സുടമകൾ ദേശീകരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന നയം എന്താണ് ;

(ബി) തിരുവനന്തപുരം–കാട്ടാക്കട–ആര്യനാടുവഴി നെടുമങ്ങാട്ട് പോകുന്ന റൂട്ടിൽ ട്രാൻസ്പോർട്ട് സർവീസ് ആരംഭിക്കണമെന്ന് പൊതുജനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി എടുത്തു ;

(സി) തിരുവനന്തപുരം—കല്ലാർ ട്രാൻസ്പോർട്ട് സർവ്വീസ് പൊൻമുടിയിലേക്ക് നീട്ടിക്കിട്ടണമെന്ന് ഗവണ്മെൻറിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ ; തോട്ടംതൊഴിലാളികളുടെ സൗകര്യത്തെ ഉദ്ദേശിച്ച് സർവീസ് പൊൻമുടിവരെ നീട്ടുന്നതിനുവേണ്ട നടപടികൾ ദയവായി സ്വീകരിക്കുമോ ;

(ഡി) തിരുവനന്തപുരം–കല്ലാർ ട്രാൻസ്പോർട്ട് സർവീസിൽ ഒന്നെങ്കിലും കരിപ്പൂർവഴി ആക്കണമെന്ന് നാട്ടുകാരിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഒരു നിശ്ചിതപരിപാടിയനുസരിച്ച് കാലക്രമത്തിൽ പ്രൈവറ്റ് ബസ്സുടമകൾ ദേശവൽക്കരിക്കണമെന്നുള്ളതാണ് ഗവണ്മെൻറിൻെറ നയം.

(ബി) ഉണ്ട്. ഈ കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുന്നു.

(സി) നിവേദനം ലഭിച്ചിട്ടുണ്ട്. അതിന്മേലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവീസ് ഉടനെതന്നെ നടപ്പിലാക്കുന്നതാണ്.

(ഡി) ഉണ്ട്. പക്ഷേ കരിപ്പൂർവഴിയുള്ള റോഡ് ഡിപ്പാർട്ടുമെൻറുവക വാഹനങ്ങളുടെ ഗതാഗതത്തിനു പറ്റിയതല്ലാത്തതിനാൽ തൽക്കാലം ഒന്നും ചെയ്യുക സാദ്ധ്യമല്ല.

വിദ്യുച്ഛക്തിവിതരണം.

*1089. [54] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിനു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955–56–ൽ സംസ്ഥാനത്തു് എതെല്ലാം വില്ലേജുകളിൽ പുതുതായി വിദ്യുച്ഛക്തി വിതരണം നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) നെടുമങ്ങാടുതാലൂക്കിൽ ആര്യനാടു എന്ന വില്ലേജിനു വിദ്യുച്ഛക്തിവിതരണം ചെയ്യണമെന്ന പൊതുജനങ്ങളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു തീരുമാനമെടുത്തു ;

(സി) ഈ വർഷംതന്നെ പ്രസ്തുത സ്ഥലത്തേക്കു ഇലക്ട്രിസിറ്റി നീട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നെടുമങ്ങാട് പഞ്ചായത്തതിൽത്തിക്കകത്തു നിലവിലുള്ള വിദ്യുച്ഛക്തിവിതരണം വികസിപ്പിക്കണമെന്നു് നാട്ടുകാരിൽ നിന്നും പഞ്ചായത്തിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റ എന്തു നടപടി സ്വീകരിച്ചു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1955 ഏപ്രിൽ മുതൽ ഒക്ടോബർ പകുതിവരെ വിദ്യുച്ഛക്തിവിതരണം നടപ്പിലാക്കിയ ഗ്രാമങ്ങളുടെ *ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്. ഈ വർഷത്തിൽ പ്രസ്തുത ജോലിക്കു് എസ്റ്റിമേറ്റ അനുവദിച്ചിട്ടുണ്ടു്.

(സി) സ്വീകരിക്കുന്നതാകുന്നു.

(ഡി) ഇല്ല. പ്രത്യേക അപേക്ഷയിന്മേൽ മാത്രമേ ഈ പദ്ധതി അന്വേഷണത്തിലെടുക്കാൻ സാധിക്കയുള്ളൂ.

Ownership in Road Transport.

* 1090. [57] SHRI V. V. SEBASTIAN: Will the Minister for Works be pleased to state:

(a) whether Government would make a clarification of the spheres of public and private ownership in road transport; and

(b) if so, how do Government propose to divide the two spheres?

Minister for Works (SHRI K. I. VELAYUDHAN):

(a) & (b) A clarification of the spheres of public and private ownership in road transport can be given only after finalising the Second Five Year Plan, and the enactment of the Nationalisation Bill.

ഡാക്ടറന്മാരുടെ ശമ്പളക്കാര്യം

* 1091. [58] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ തിരുവിതാംകൂർ–കൊച്ചു് ശാഖയിൽനിന്നും ഡാക്ടറന്മാരുടെ ശമ്പളക്കാര്യം സംബന്ധിച്ചു് ഗവണ്മെന്റിലേയ്ക്കു് പേകമ്മീഷന്റെ നിയമനത്തിനുശേഷം വല്ല മെമ്മോറാണ്ടവും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടു്;

(സി) ഡാക്ടറന്മാരുടെ ജോലിസമയം കണക്കപ്പെടുത്തുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

* Please see Appendix XXVII.

LIBRARY ARCHIVES Kerala Legislative Assembly